## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1445** 03-12-2018 ൽ മറുപടിക്ക്

### പാട്ടക്കാലാവധി കഴിഞ്ഞതും കോടതി വ്യവഹാരങ്ങളിൽപ്പെട്ടതുമായ സർക്കാർ ഭൂമി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും എന്നാൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് സർക്കാർ ഏറ്റെടുത്തതുമായ ഭൂമികൾ ഏതെല്ലാം കമ്പനികളുടെ അല്ലെങ്കിൽ വ്യക്തികളുടെ പേരിലുള്ളതാണ്;വിശദാംശം ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ മാത്രമാണ് ഇത്തരം കേസുകൾ ഉള്ളത്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

**കൊല്ലം ജില്ല**

1) കൊല്ലം താലൂക്ക്, മുണ്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 149 റീസർവ്വെ നമ്പർ 14-ൽപ്പെട്ടതും, മജീദിയ ഫ്രീനൈറ്റ് സ്കൂളിന് പാട്ടത്തിന് നൽകിയിരുന്നതുമായ 16.20 ആർസ് സ്ഥലം

2)കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 84 റിസർവ്വെ 3-ൽപ്പെട്ടതും സുബ്രഹ്മണ്യൻ കാൾ ടെക്സ് കമ്പനിക്ക് നൽകിയിരിക്കുന്നതുമായ 5.40 ആർ സ്ഥലം.

**എറണാകുളം**

കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജിൽ ഉൾപ്പെട്ടതും ആസ്പിൻ വാൾ ആന്റ് കമ്പനിയിൽ നിന്നും 5.12.2106 ന് ഏറ്റെടുത്തതുമായ 1.29 ഏക്കർ ഭൂമി

**തൃശ്ശൂർ**

04.03.2016 ലെ സ.ഉ (എം.എസ്) 250/16/RD ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക്, മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ M/s വൈഗ ത്രെഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊരട്ടി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന സർവ്വെ 758-ൽപ്പെട്ട 30.57 ഏക്കർ ഭൂമി സർക്കാരിലേക്ക് തിരിച്ചെടുത്തിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ പൂർണ്ണാധികാരം ലഭിച്ചിട്ടില്ല.

**മലപ്പുറം**

ആർ.പി റിസോർട്ട് കൈവശം വെച്ചിരുന്ന കൊണ്ടോട്ടി താലൂക്ക്, വാഴയൂർ വില്ലേജ്, ബ്ലോക്ക് 5, റിസർവ്വെ നമ്പർ 21-ൽപ്പെട്ട 15 സെന്റ് ഭൂമി .

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം ഭൂമികൾ തിരികെ സർക്കാരിലേക്ക് വന്നു ചേർന്നിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | വിവരം |
|---|---|
| തിരുവനന്തപുരം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് | ഇത്തരം കേസ്സുകളില്ല |
| കൊല്ലം | 1)കൊല്ലം താലൂക്ക്, മുണ്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 149 റീസർവ്വേ നമ്പർ 14-ൽപ്പെട്ടതും മജീദിയ ഫ്രീനൈറ്റ് സ്കൂളിന് നല്കിയിരുന്നതുമായ 16.20 ആർ ഭൂമി<br>2) കൊല്ലം ഈസ്റ്റ് വില്ലേജ്, ബ്ലോക്ക് നമ്പർ 84 റീസർവ്വെ നമ്പർ 3-ൽപ്പെട്ടതും സുബ്രഹ്മണ്യൻ കാൾ ടെക്സ് കമ്പനിക്ക് നൽകിയിരുന്നതുമായ 5.40 ആർ സ്ഥലം<br>3) കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 147-ൽ റീസർവ്വേ നമ്പർ 1-ൽപ്പെട്ട ബോട്ട് കോ ഇൻഡസ്ട്രീസ് പേരിൽ അനുവദിച്ചിരുന്ന 5.30 ആർ ഭൂമി |
| പത്തനംതിട്ട | പാട്ടക്കാലാവധി കഴിഞ്ഞ 0.1551 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. |
| ആലപ്പുഴ | പാട്ടക്കാലാവധി കഴിഞ്ഞതും കുട്ടനാട് താലൂക്ക് വെളിയനാട് വില്ലേജ് സർവ്വെ നമ്പർ 1/1-ൽ പ്പെട്ട 25 സെന്റ് സ്ഥലം ഏറ്റെടുത്ത് എൻ.സി.സിയ്ക്ക് പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| കോട്ടയം | കോട്ടയം താലൂക്ക്, നാട്ടകം വില്ലേജിൽ ബ്ലോക്ക് 19,റീ സർവ്വെ നമ്പർ 398/2-ൽ പ്പെട്ട 1.12.80 ഹെക്ടർ തിരിച്ചെടുത്തു. |
| ഇടുക്കി | പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി |

| | |
|---|---|
| | തിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു |
| എറണാകുളം | നടപടികൾ സ്വീകരിച്ചുവരുന്നു |
| തൃശ്ശൂർ | ചാലക്കുടി താലൂക്കിൽ ആനമല കൂട്ടുകൃഷി സഹകരണ സംഘത്തിന് പാട്ടത്തിന് നൽകിയിരുന്ന ഭൂമി (111 ഏക്കർ) പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്ന് തിരികെ സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ 06.12.2013 ൽ ഉത്തരവായെങ്കിലും ബഹു. ഹൈക്കോടതിയുടെ 02.06.2016 ലെ WP(C) 5450/16 ഉത്തരവ് പ്രകാരം ഭൂമി തിരിച്ചെടുക്കൽ നടപടിക്ക് സ്റ്റേ നിലനിൽക്കുന്നു. |
| മലപ്പുറം | ആർ.പി. റിസോർട്ട് കൈവശം വെച്ചിരിക്കുന്ന കൊണ്ടോട്ടി താലൂക്ക്, വാഴയൂർ വില്ലേജ്, ബ്ലോക്ക് 5, റീസർവ്വെ നമ്പർ 21 -ൽപ്പെട്ട 15 സെന്റ് ഭൂമി |
| കോഴിക്കോട് | പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു |
| വയനാട് | 0.0189 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വന്നുചേർന്നിട്ടുണ്ട്. |

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവയിൽ ആയതിനുള്ള നടപടികളും, അല്ലാത്തവയിലും പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ള കേസ്സുകളിലും കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) പാട്ടഭൂമി സംബന്ധമായ ഏതെങ്കിലും കേസിൽ സർക്കാരിന് പ്രതികൂലമായി സുപ്രീം കോടതിയുടേയോ ഹൈക്കോടതിയുടേയോ വിധി ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | പാട്ടഭൂമി കൈവശം വച്ച് വരുന്നവർ പാട്ടഭൂമി വില്പന നടത്തിയിട്ടുണ്ടെങ്കിൽ അവ തിരിച്ച് പിടിക്കുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | പാട്ട ഭൂമി കൈവശം വച്ച വരുമ്പോൾ പാട്ട ഭൂമി വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാട്ടഭൂമി വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള ലംഘനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാട്ടകാലാവധി കഴിഞ്ഞിട്ടും കൈവശം വച്ച് പോരുന്നതും പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ നിയമാനുസൃതമായി പുതുക്കുവാൻ കഴിയുന്ന കേസുകൾ പുതുക്കി നൽകിയും, അല്ലാത്ത കേസുകളിൽ പ്രസ്തുത ഭൂമി തിരികെ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**